LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കോലിയക്കോട് കൺസ്യൂമർ സഹകരണ സംഘം, തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് എംപ്ലോയീസ് സഹകരണ സംഘം, അണ്ടൂർക്കോണം സഹകരണ ബാങ്ക്, പൂല്ലമ്പാറ സർവ്വീസ് സഹകരണ ബാങ്ക്, ആലപ്പുഴ ജില്ലയിലെ കരുവാറ്റ സർവ്വീസ് സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലയിലെ കേച്ചേരി സർവ്വീസ് സഹകരണ ബാങ്ക്, ചിറ്റാറ്റുകര സർവ്വീസ് സഹകരണ ബാങ്ക്, ഗുരുവായൂർ വ്യാപാരി വ്യവസായി സഹകരണ സംഘം, കോഴിക്കോട് ജില്ലയിലെ പെരുവയൽ സർവ്വീസ് സഹകരണ ബാങ്ക്, വേങ്ങേരി സർവ്വീസ് സഹകരണ ബാങ്ക് എന്നിവയിന്മേൽ ലഭിച്ച പരാതികളിന്മേൽ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 16(2) പ്രകാരം അംഗത്വത്തിനുള്ള അപേക്ഷ ഒരു സംഘത്തിന് നൽകിക്കഴിഞ്ഞാൽ അപേക്ഷ ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനകം സംഘം ആയത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്. അപ്രകാരം തീരുമാനം കൈക്കൊള്ളാത്ത പക്ഷം അപേക്ഷകന്റെ രേഖാമൂലമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ/രജിസ്ട്രാർ അംഗത്വം നൽകണമോ വേണ്ടയോ എന്ന് ഒരു മാസത്തിനുള്ളിൽ തീരുമാനിക്കേണ്ടതാണ് [വകുപ്പ് 16(2) എ] അപ്രകാരം ഒരു മാസത്തിനകം തീരുമാനം കൈക്കൊള്ളാത്തപക്ഷം ഗവൺമെന്റിനോ അല്ലെങ്കിൽ രജിസ്ട്രാർക്കോ (ജോയിന്റ് രജിസ്ട്രാർ തീരുമാനം കൈക്കൊള്ളാത്തപക്ഷം) നിവേദനം നൽകാവുന്നതും ആയതിന്മേൽ സർക്കാർ/രജിസ്ട്രാർ 30 ദിവസത്തിനകം തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. [വകുപ്പ് 16(2)ബി] അംഗത്വത്തിനുള്ള അപേക്ഷ സംഘം നിരസിക്കുകയാണെങ്കിൽ ആയതിനുള്ള കാരണം സഹിതം ടി തീരുമാനം സംഘം അപേക്ഷകനെ 15 ദിവസത്തിനുള്ളിൽ അറിയിച്ചിരിക്കേണ്ടതാണ് [വകുപ്പ് 16(3)].

കാർഷിക വായ്പാസംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

133 (500) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് ;

(ബി) ഇതുമൂലം എത്ര താലൂക്കുകളിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് വികസനം ഉണ്ടായിട്ടുണ്ട് ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ തരത്തിലുള്ള സഹകരണ സംഘങ്ങളെ സംസ്ഥാന പദ്ധതി, എൻ.സി.ഡി.സി. പദ്ധതി എന്നിവയിലുൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം അനുവദിച്ചും ഓഫീസ് കെട്ടിട വിപുലീകരണം, ആധുനികവൽക്കരണം, നവീകരണം, സ്റ്റോങ്റൂം, ക്യാഷ് കൗണ്ടർ, ലോക്കർ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനും ഗോഡൗണുകൾ നിർമ്മിക്കുന്നതിനും മറ്റ് സാമൂഹിക ആരോഗ്യ സേവന രംഗത്തെ ഇടപെടലുകൾക്കുമായി സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി.-യിലും നിന്ന് ധനസഹായം നൽകിവരുന്നുണ്ട്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകി പുനരുദ്ധരിച്ചു വരുന്നു. ഇതിനുപുറമേ സംസ്ഥാന സഹകരണ വികസന ബോർഡിന്റെ നിയന്ത്രണത്തിലുള്ള വികസന ക്ഷേമനിധി ഫണ്ടിൽനിന്നും കുറഞ്ഞ പലിശ നിരക്കിൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കി സംഘത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തിയും പുനരുദ്ധാരണവും ആയതിന്റെ ഫലത്തിൽ ശക്തിപ്പെടുത്തലും നടത്തിവരുന്നു.

സ്കൂൾ/സർവകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാതല മൊത്ത സഹകരണ സ്റ്റോറുകൾ, ദുർബല വനിതാ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം ഉൾപ്പെടെയുള്ള സംഘങ്ങളുടെയും പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെയും പുനരുദ്ധാരണത്തിന് സംസ്ഥാന പദ്ധതിയിൻകീഴിൽ ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിനുപുറമേ സഹകരണ മേഖലയിലെ ദുർബല കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും വിപണന സംസ്കരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും തദ്വാര സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനും എൻ.സി.ഡി.സി. പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നുണ്ട്.

കൂടാതെ കമ്പ്യൂട്ടർവൽക്കരണം, കോർബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം തുടങ്ങിയ ആധുനികവത്കരണ പദ്ധതികൾ നടപ്പാക്കിയും, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, സോയിൽ ടെസ്റ്റിംഗ് ലാബുകൾ, നഴ്സറികൾ, ടിഷ്യു കൾച്ചർ ലാബുകൾ, മെഡിക്കൽ ലാബുകൾ തുടങ്ങിയ സാമൂഹ്യക്ഷേമ പദ്ധതികളും നടപ്പിലാക്കി സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ധനസഹായം നൽകിവരുന്നു.

നിക്ഷേപ രംഗത്തെ ഉണർവ് സ്ഥായിയായി നിലനിർത്തുന്നതിനും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി എല്ലാ സഹകരണ സംഘങ്ങളെയും കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ഉൾപ്പെടുത്തുന്നതിനും, കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയും, ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ പരമാവധി തീർപ്പാക്കിയും 'ആശ്വാസ്' പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി കുടിശ്ശിക കുറച്ചും, 'ഉണർവ്' പദ്ധതി നടപ്പിലാക്കി ഓഡിറ്റിൽ തടഞ്ഞ തുകകൾ ക്രമീകരിച്ചും, ഓഡിറ്റ് കാലാനുസൃതമാക്കുന്നതിനും കേരള സഹകരണ നിയമം/ചട്ടത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയും സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ താലൂക്കുകളിലെയും സഹകരണ പ്രസ്ഥാനങ്ങൾക്ക് വികസനം ഉണ്ടായിട്ടുണ്ട്.

കൺസ്യൂമർഫെഡിലെ അഴിമതി

134 (501) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനിടെ കൺസ്യൂമർഫെഡിൽ എത്ര കോടി രൂപയുടെ അഴിമതി നടന്നിട്ടുള്ളതായി ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയ ഉപസമിതി കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം വിഭാഗങ്ങളിലാണ് അഴിമതി കണ്ടെത്തിയിട്ടുള്ളതെന്നും ഓരോ വിഭാഗത്തിലും എത്ര തുകയുടെ വീതം എന്തെല്ലാം അഴിമതിയാണ് കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) ഉപസമിതിയുടെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-സി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കൺസ്യൂമർഫെഡിൽ നടന്ന അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണവും സഹകരണ വകുപ്പുതലത്തിൽ വിശദമായ അന്വേഷണവും നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly